**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ലക്ഷ്മി.സി.പി, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) നിയമന ഉത്തരവിനായി കാത്തിരുന്ന 04.09.2021 മുതൽ 08.12.2021 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇഎ1- 54500/2016/ആ.വ.ഡ തീയതി 07.12.2021
2. നം. എ1-20851/21/ജി.മെ.ആ(ആ) എറണാകുളം തീയതി 17.01.2022

**ഉത്തരവ് നം. ഇ.എ1- 5305/2022/ആ.വ.ഡ തീയതി 26.11.2022**

ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമന ഉത്തരവ് ലഭിക്കുന്നതിനായി കാത്തിരുന്ന 04.09.2021 മുതൽ 08.12.2021 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ഡോ. ലക്ഷ്മി.സി.പി അപേക്ഷ സമർപ്പിച്ചിരുന്നു.

ഡോ. ലക്ഷ്മി.സി.പി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, പ്രസ്തുത തസ്തികയിൽ ഒഴിവില്ലാതിരുന്നതിനാൽ നിയമന ഉത്തരവ് നൽകുവാൻ സാധിച്ചിരുന്നില്ല. പരാമർശം(1) പ്രകാരം ടിയാരിക്ക് നിയമന ഉത്തരവ് നൽകിയത് 07.12.2021 തീയതിയിലായിരുന്നു. പ്രസ്തുത ഉത്തരവു പ്രകാരം ടിയാരി 09.12.201ന് മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. ലക്ഷ്മി. സി.പി ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 04.09.2021 മുതൽ 08.12.2021 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 1ലെ, ചട്ടം 12(7) നു ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. വി.മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. ലക്ഷ്മി.സി.പി, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി),
ജനറൽ ആശുപത്രി മൂവാറ്റുപുഴ, എറണാകുളം

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി മൂവാറ്റുപുഴ, എറണാകുളം
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**